President.—Who is the man who has inspected?

Mr. V. K. Aravindaksha Menon.—It is Mr. G. Krishna Ayyar.

President.—Do you know the man? പറവൂർ മുനിസിപ്പാലിറ്റിയിലെ കൃഷ്ണയ്യൻ ഉത്സാഹിക്കാമെന്നു പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിനെ അറിയുമോ ആവൊ.

Remedy of Cocoanut pest in Cranganur.

487. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) കൊടുങ്ങല്ലൂരിൽ തെങ്ങിൻ വൃക്ഷങ്ങൾക്കു പുഴക്കേടു ബാധിച്ചതിനെ പരിഹരിക്കാൻ ഗവമ്മെണ്ടു എന്തെല്ലാം പ്രവൃത്തിച്ചിട്ടുണ്ടെന്നു പറയാമൊ;

(b) പട്ട വെട്ടു കൂടാതെ മറു വല്ല നിവാരണ മാർഗ്ഗങ്ങളും ഗവമ്മെണ്ടു കണ്ടുപിടിച്ചിട്ടുണ്ടൊയെന്നു സദയം പറയാമൊ?

മിസ്റ്റർ ഐ. രാമൻമേനോൻ.—(a) ൧൯൨൯ അവസാനത്തോടുകൂടി കൊടുങ്ങല്ലൂർ താലൂക്കിൽപെട്ട ലോകമലേശ്വരം വില്ലേജിൽ ചില തെങ്ങിൻതോട്ടങ്ങളിലാണു ആദ്യമായി പുഴക്കേടു കണ്ടുതുടങ്ങിയതു്. ൧൯൨൯-ൽ തന്നെ മേത്തലയിലും ലോകമലേശ്വരത്തും കൂടി ൪,൦൦൦ വും ൧൯൩൦-ൽ ലോകമലേശ്വരത്തു ൫,൪൨൯-ം, പുല്ലൂറ്റിൽ ൨,൫൨൯-ം, മേത്തലയിൽ ൬൦൦ കൂടി ൪,൯൨൦-ം ൧൯൩൧-ൽ ഇതേവരെയായി പുല്ലൂറ്റിൽ ൫,൨൬൦-ം, മേത്തലയിൽ ൯൦൦-വും, അഴീക്കോട്ടു ൨,൦൦൦ വും കൂടി ൪,൫൬൦ തെങ്ങുകളുടെ രോഗശമനാർത്ഥം വേണ്ട പ്രതിവിധികൾ ചെയ്തിട്ടുണ്ടു്.

(b) പട്ട വെട്ടു കൂടാതെ വേറെ മാർഗ്ഗമൊന്നുമില്ല.

Cranganur Road Committee.

488. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) കൊടുങ്ങല്ലൂരിൽ നിയമിക്കപ്പെട്ടിരുന്ന റോഡുകമ്മറ്റി ഇപ്പോഴും നിലവിൽ ഉണ്ടൊ എന്നു പറയാൻ ദയവുണ്ടാകുമൊ;

(b) ഉണ്ടെങ്കിൽ ആ കമ്മറ്റി വല്ല പ്രവൃത്തികളും ചെയ്യുന്നുണ്ടൊയെന്നു സദയം പറയാമൊ;

(c) കമ്മറ്റി നിലവിലില്ലെങ്കിൽ കമ്മറ്റിയെക്കൊണ്ടു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രവൃത്തികൾ എല്ലാം കഴിഞ്ഞതിനുശേഷമാണൊ കമ്മറ്റിയെ പിരിച്ചു വിട്ടിരിക്കുന്നതു് എന്നു് പറയുവാൻ ദയവുണ്ടാകുമൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—(a) കമ്മറ്റി ഇപ്പോൾ നിലവിൽ ഇല്ല.

(b) മറുപടി ആവശ്യമില്ല.

(c) ഏതാനും പ്രവൃത്തികളെല്ലാം കഴിഞ്ഞതുകൊണ്ടും ബാക്കി പ്രവൃത്തികൾ സ്ഥലത്തു ഏർപ്പാടുചെയ്തിട്ടുള്ള പഞ്ചായത്തുകളെക്കൊണ്ടു നിർവ്വഹിപ്പാൻ സാധിക്കാവുന്നതുകൊണ്ടുമാണു് കമ്മറ്റി ഇപ്പോൾ നിലവിലില്ലാത്തതു്.

LIBRARY ARCHIVES Kerala Legislative Assembly